# ഒന്നാം സമ്മേളനം
# (2016 ജൂൺ 2 മുതൽ ജൂലൈ 19 വരെ)

(1) <u>സഭാസമ്മേളന കാലയളവിൽ നയപരമായ കാര്യങ്ങൾ സഭയ്ക്ക് പുറത്ത് പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്</u>

2016 ജൂൺ 30-ാം തീയതി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കുമുമ്പ് നിയമസഭ സമ്മേളിക്കുന്ന അവസരത്തിൽ നയപരമായ കാര്യങ്ങൾ സഭയിൽ അറിയിക്കാതെ സഭയ്ക്ക് പുറത്ത് പ്രഖ്യാപിക്കുന്നത് അനൗചിത്യവും കീഴ്‌വഴക്കങ്ങളുടെ ലംഘനവുമാണെന്നും ഇതുസംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്നും ക്രമപ്രശ്നത്തിലൂടെ പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

സഭ സമ്മേളിക്കുമ്പോൾ നയപരമായ കാര്യങ്ങൾ സഭയ്ക്ക് പുറത്തുപറയാൻ പാടില്ലാത്തതാണെന്നും അത് മന്ത്രിമാർ പാലിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലെ സർക്കാരിന്റെ നയം എന്താണെന്ന് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലൂന്നിക്കൊണ്ടുള്ള മറുപടി പറയുകമാത്രമാണ് ചെയ്തതെന്നും നയപരമായ ഒരു കാര്യവും സഭയ്ക്കുപുറത്ത് വെളിപ്പെടുത്തുക എന്ന ഉദ്ദേശം സർക്കാരിനില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

---

* XIV KLA/I Session Vol.162 Report No.7 dated 30-06-2016

"നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭയിൽത്തന്നെ പ്രഖ്യാപിക്കുകയാണ് കീഴ്വഴക്കം. നിയമനിർമ്മാണസഭകൾ അംഗീകരിച്ചുപോരുന്ന ഒരു പൊതുതത്വം കൂടിയാണിത്. രാഷ്ട്രീയപ്പാർട്ടികൾ തങ്ങളുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലൂടെ ജനങ്ങളെ അറിയിച്ച കാര്യങ്ങൾ സഭയ്ക്ക് പുറത്ത് ആവർത്തിച്ചാൽ അത് നയപരമായ പ്രഖ്യാപനമായിത്തീരുമോയെന്നത് ചർച്ചചെയ്യപ്പെടേണ്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതും വിവിധ മന്ത്രിമാർ സഭയ്ക്ക് പുറത്ത് പറഞ്ഞതായി പറയപ്പെടുന്നതുമായ കാര്യങ്ങൾ സർക്കാരിന്റെ നയപരമായ കാര്യങ്ങളാണെന്ന് പറയാനാകില്ല. അവയിൽ പലതും സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളാണെന്നാണ് ചെയറിന്റെ പക്ഷം. എന്നിരുന്നാലും ഉയർന്ന പാർലമെന്ററി മൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ ബാധ്യതയുള്ള സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ സഭയിലെ മുൻ അദ്ധ്യക്ഷൻമാർ റൂൾ ചെയ്തിട്ടുള്ളതുപോലെ നയപരമായ കാര്യങ്ങൾ സഭയ്ക്കുള്ളിൽ തന്നെ പ്രഖ്യാപിക്കണമെന്ന പാർലമെന്ററി കീഴ്വഴക്കം തുടർന്നും പാലിക്കേണ്ടതാണെന്ന് ചെയർ നിർദ്ദേശിക്കുന്നു."